# Dakshina Kerala Jam-iyyathul Ulama

H.O. Kollam

ജുമുഅ പ്രഭാഷണം " നോമ്പ്: സംസ്കാരത്തിന്റെ മാറ്റമാണ് " (19/05/17)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

➤ അല്ലാഹുവിന്റെ സൃഷ്ടി ജാലങ്ങൾ തിട്ടപ്പെടുത്താൻ കഴിയാത്ത വിധം വിപുലമാണ്. കരയിൽ/കടലിൽ/അഭൗതീകലോകത്ത്. സൂക്ഷ്മാണുക്കൾ മുതൽ മഹാസൃഷ്ടിയായ അർശ് വരെ അവ നീണ്ടു കിടക്കുന്നു.

➤ ഇവയെ അടിസ്ഥാനപരമായി രണ്ടായി തിരിക്കാം. ജീവനുള്ളതും ഇല്ലാത്തതും.

➤ ജീവനുള്ളവ മൂന്ന് തരക്കാരാണ്. ഒന്ന് : മലക്കുകൾ

والملائكة عباد الله المكرمون خلقهم من نور لا يأكلون ولا يشربون ولا ينامون يسبحون الليل والنهار

(ഇതാണ് അവരെ കുറിച്ചുള്ള നമ്മുടെ വിശ്വാസം)

അവരുടെ ചില പ്രത്യേകതകൾ ഖുർആൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.

1) അവർ അനുസരണയുള്ളവരും പാപം ചെയ്യാത്തവരുമാണ്.

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ عَلَيْهَا مَلَائِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ (٦) ﴿التحريم﴾

ഉദാ: ഇസ്റാഫീൽ(അ). സൃഷ്ടിക്കപ്പെട്ട അന്നു മുതൽ അർശിലേക്ക് നേക്കി നിൽക്കുകയാണ്. കൽപ്പന വന്നാൽ ഉടൻ അത് നടപ്പിലാക്കുവാൻ വേണ്ടി.

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ (ص) : " مَا أَطْرَفَ صَاحِبُ الصُّورِ مُذْ وُكِّلَ بِهِ مُسْتَعِدٌ ، يَنْظُرُ نَحْوَ الْعَرْشِ مَخَافَةَ أَنْ يُؤْمَرَ قَبْلَ أَنْ يَرْتَدَّ إِلَيْهِ طَرْفُهُ ، كَأَنَّ عَيْنَيْهِ كَوْكَبَانِ دُرِّيَّانِ (مستدرك)

2. അവർ അടുക്കും ചിട്ടയുമുള്ളവരാണ്. നബി (സ) പറയുന്നു

عَنْ جَابِرِ بْنِ سَمُرَةَ قَالَ رسول الله (ص) : أَلَا تَصُفُّونَ كَمَا تَصُفُّ الْمَلَائِكَةُ عِنْدَ رَبِّهَا ؟ فَقُلْنَا يَا رَسُولَ اللهِ وَكَيْفَ تَصُفُّ الْمَلَائِكَةُ عِنْدَ رَبِّهَا؟ قَالَ يُتِمُّونَ الصُّفُوفَ الْأُوَلَ وَيَتَرَاصُّونَ فِي الصَّفِّ(مسلم). وَجَاءَ رَبُّكَ وَالْمَلَكُ صَفًّا صَفًّا (٢٢). ﴿الفجر﴾

ഇത്രമേൽ അടുക്കും ചിട്ടയുമുള്ളവരാണ് അവർ. ഇങ്ങനെ അനേകം ഗുണങ്ങളുള്ളവരാണ് മലക്കുകൾ

➤ ജീവനുള്ളതിൽ മറ്റൊരു വിഭാഗം മൃഗങ്ങളാണ്. ഇവരുടെ സ്വഭാവഗുണങ്ങൾ മലക്കുകളുടേതിന് വിപരീതമാണ്.

ഒന്നാമതായി: ഹലാൽ ഹറാമുകൾ ശ്രദ്ധിക്കാറില്ല. എന്തും കഴിക്കും. ത്വാഹിറും നജസും/തന്റെ യജമാന്റേതും മറ്റുള്ളവരുടേതും/അനുവദിച്ചുകൊടുക്കുന്നതും-വിലക്കപ്പെട്ടതും. (തന്മൂലം തല്ലും കല്ലേറും പതിവാണ്)

രണ്ടാമതായി എവിടെയും ഉറങ്ങും. തൊഴുത്തിലും പറമ്പിലും റോഡിലും കടത്തിണ്ണയിലും. മൂന്നാമതായി ആരുമായും ഭോഗിക്കും. തന്നെ ജനിപ്പിച്ച അമ്മയുമായി ഭോഗിക്കുന്ന ആടുമാടുകൾ സ്ഥിരം കാഴ്ചകളാണ്. ഇതിലൊന്നും ഹലാൽ ഹറാമുകളില്ല. മൃഗത്തിന്റെ മറ്റൊരു വാസനയാണ് വിരോധവും അക്രമവും. അകാരണമായ ഉപദ്രവങ്ങളും. ഉദാ: കോഴി മറ്റ് കോഴികളെ കൊത്തി ഓടിച്ച് തീറ്റ തിന്നുന്നു. സ്വയം വയർ നിറഞ്ഞാൽ പോരാ. മറ്റുള്ളവർ കഴിക്കരുതെന്ന ചിന്തയാണ്.

➢ ഇക്കാരണങ്ങളാൽ മൃഗങ്ങൾ ഏറ്റവും താഴ്ന്ന അവസ്ഥയിലാണ്. പക്ഷേ വിവേകബുദ്ധി ഇല്ലാത്തതിനാൽ അവക്ക് ശിക്ഷ ലഭിക്കുന്നില്ല.

عَنْ أَبِي هُرَيْرَةَ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " يَقْضِي اللَّهُ بَيْنَ خَلْقِهِ الْجِنِّ وَالْأَنْسِ وَالْبَهَائِمِ ، وَإِنَّهُ لَيَقِيدُ يَوْمَئِذٍ الْجَمَّاءَ مِنَ الْقَرْنَاءِ ، حَتَّى إِذَا لَمْ يَبْقَ تَبِعَةٌ عِنْدَ وَاحِدَةٍ لِأُخْرَى ، قَالَ اللهُ كُونُوا تُرَابًا ، فَعِنْدَ ذَلِكَ يَقُولُ الْكَافِرُ : يَا لَيْتَنِي كُنْتُ تُرَابًا "(الطبري)

➢ ഈ രണ്ട് വിഭാഗങ്ങൾക്കിടയിലാണ് മൂന്നാം വിഭാഗമായ മനുഷ്യരും ജിന്നും നിലകൊള്ളുന്നത്. അവർക്ക് മലക്കുകളുടെ വിവേകവും മൃഗങ്ങളുടെ വികാരവും നൽകപ്പെട്ടു. ഒരേസമയം രണ്ട് വഴികളും കാണിച്ചുകൊടുത്തു. ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യവും നല്കി.

إِنَّا هَدَيْنَاهُ السَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا (٣) ﴿الانسان﴾

➢ മലക്കുകളുടെ വഴി തെരഞ്ഞെടുക്കുന്നവർക്ക് മലക്കുകളേക്കാൾ ഉന്നത സ്ഥാനത്തെത്താം. കാരണം അവർ വികാരത്തെ നിയന്ത്രിച്ച് ജീവിച്ചവരാണ്. മലക്കുകൾക്ക് ആ ത്യാഗമില്ല.

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلَائِكَةُ أَلَّا تَخَافُوا وَلَا تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنتُمْ تُوعَدُونَ (٣٠) نَحْنُ أَوْلِيَاؤُكُمْ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ ۖ وَلَكُمْ فِيهَا مَا تَشْتَهِي أَنفُسُكُمْ وَلَكُمْ فِيهَا مَا تَدَّعُونَ (٣١) ﴿فصلت﴾

(=ദുനിയാവിലും ആഖിറത്തിലും ഞങ്ങൾ നിങ്ങളുടെ സഹായികളാകുന്നു.) ഇവിടെ മലക്കുകൾ മനുഷ്യരുടെ സേവകരാകുന്ന രംഗമാണ് നാം കാണുന്നത്.

➢ മറിച്ച് മൃഗങ്ങളുടെ വഴി തെരഞ്ഞെടുക്കുന്നവർ മൃഗങ്ങളെക്കാൾ അധിപതിച്ചവരാകും. കാരണം മൃഗങ്ങൾക്ക് വിവേകമില്ല. നമുക്കതുണ്ടായിരുന്നു. എന്നിട്ടും നാം മൃഗങ്ങളുടെ സ്വഭാവം സ്വീകരിച്ചു. (=ഹലാൽ ഹറാമുകൾ നോക്കതെ ജീവിച്ചു. എന്തും കഴിക്കും എവിടെയും പോകും. എവിടെയും ഉറങ്ങും)

وَلَقَدْ ذَرَأْنَا لِجَهَنَّمَ كَثِيرًا مِّنَ الْجِنِّ وَالْإِنسِ ۖ لَهُمْ قُلُوبٌ لَّا يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لَّا يُبْصِرُونَ بِهَا وَلَهُمْ آذَانٌ لَّا يَسْمَعُونَ بِهَا ۚ أُولَٰئِكَ كَالْأَنْعَامِ بَلْ هُمْ أَضَلُّ ۚ أُولَٰئِكَ هُمُ الْغَافِلُونَ (١٧٩) ﴿الأعراف﴾

➢ എന്നാൽ മനുഷ്യനെ മൃഗീയ വാസനകളിൽ നിന്നുയർത്തി മലക്കുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്ന ഒരു ഇബാദത്താണ് നോമ്പ്.

നോമ്പിൽ രണ്ട് ഗുണങ്ങളുണ്ട്. ഒന്ന്. ഹറാമുകളെ ഉപേക്ഷിക്കുന്നു. കണ്ണ്/കാത്/നാവ്/ഹൃദയം കൊണ്ടെല്ലാം. മൃഗിയ വികാരങ്ങളെ ഉപേക്ഷിക്കുന്നു. രണ്ട്: മലക്കുകളെ പോലെ ആഹാരപാനീയങ്ങളെല്ലാം ഉപേക്ഷിച്ച് ഇബാദത്ത് ചെയ്യുന്നു. ജീവിതത്തിന് ചിട്ടയുണ്ടാക്കുന്നു. കൃത്യമായി നിസ്ക്കാരം/ജമാഅത്ത്/ഉറക്കം/ഉണരൽ... ഖുർആൻ പാരായണം/ദിക്ർ വർദ്ധിക്കുന്നു. ആകെ പരിശുദ്ധമായ ഒരു അവസ്ഥ. ഇവ്വിധം പരിശുദ്ധരായ മനഷ്യരെ കാണാൻ മലക്കുകൾ പോലും സന്ദർശകരായി എത്തുന്നു. (ലൈലത്തുൽ ഖദ്റിൽ)

تَنَزَّلُ الْمَلَائِكَةُ وَالرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ (٤) ﴿القدر﴾

ഇവ്വിധം സംസ്കാരം തന്നെ മാറ്റി എടുക്കുമ്പോഴാണ് നമ്മുടെ നോമ്പ് അർത്ഥപൂർണ്ണമാവുക. അതിനായി ശ്രമിക്കുക.